പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 235 01.04.2013-ൽ മറുപടിയ്ക്ക്

ജാലകം

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ഹൈബി ഈഡൻ
ശ്രീ.പി.സി.വിഷ്ണുനാഥ്

കുമാരി.പി.കെ.ജയലക്ഷ്മി
(ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് പ്രോഗ്രാം, ഇൻഫർമേഷൻ സെന്റർ ആന്റ് യൂത്ത് സർവ്വീസസ് (ജാലകം) ആരംഭിക്കുവാൻ യുവജനക്ഷേമ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) കേരളത്തിലെ യുവജനങ്ങൾക്ക് സൗജന്യമായി ഓൺലൈൻ വഴി ബയോഡേറ്റ രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും ജാലകം പദ്ധതി സഹായിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരു സോഫ്റ്റ്വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ജോബ് രജിസ്ട്രേഷൻ, ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇൻഫർമേഷൻ സെന്റർ തുടങ്ങി അതിനൂതനങ്ങളായ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപകല്പന ചെയ്തിട്ടുള്ളതാണ് ജാലകം സോഫ്റ്റ്വെയർ.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ജാലകം പദ്ധതി വഴി യുവജനങ്ങൾക്ക് ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന സൗജന്യമായി ഓൺലൈൻ വഴി ബയോഡേറ്റ രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സഹായിക്കുന്നു. കൂടാതെ തൊഴിൽ ദാതാക്കൾക്കും പ്രസ്തുത വെബ്സൈറ്റിൽ സൗജന്യമായി തൊഴിലവസരങ്ങൾ രജിസ്റ്റർ ചെയ്യുവാനും സാധിക്കുന്നു.

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) & (ഡി) ജാലകം പദ്ധതി യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ വഴിയാണ് നടപ്പിലാക്കി വരുന്നത്.

ജാലകം പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ബ്ലഡ് ഡോണേഴ്സ് ഫോറം ഉൾപ്പെടുത്തി പുതിയ സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. www.jalakam.kerala.gov.in എന്ന സൈറ്റിൽ കൂടി ജാലകം പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാണ്. പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കണമെന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. പുതിയ സോഫ്റ്റ്വെയറിന്റെ ഉദ്ഘാടനത്തോടുകൂടി ബാക്കി ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

ജാലകം സോഫ്റ്റ് വെയർ National Informatic Centre (NIC) യാണ് രൂപകല്പന ചെയ്തിട്ടുള്ളത്. 2013 മെയ് 11, 12 തീയതികളിൽ എറണാകുളം ജില്ലയിലെ കലൂരിൽ വച്ച് ജോബ്ഫെയർ സംഘടിപ്പിക്കുന്നതിനോടൊപ്പം പുതിയ സോഫ്റ്റ് വെയറിന്റെ ഉദ്ഘാടനം നടത്തുന്നതാണ്. ജാലകം പദ്ധതി വിപുലീകരിക്കുന്നതിലേക്കായി എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, മൾട്ടി ഫങ്ഷണൽ പ്രിന്റർ എന്നിവ DGS & D Rate കോൺട്രാക്ട് പ്രകാരം വാങ്ങി നൽകുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ